(സി) പ്രസ്തുത കനാൽ വിവിധ സ്ഥലങ്ങളിൽ പൊതു ആവശ്യങ്ങൾക്കായി (അങ്കണവാടി, റോഡുകൾ തുടങ്ങിയവ) ഉപയോഗപ്പെടുത്തുവാൻ സാദ്ധ്യതകളുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ സാദ്ധ്യതകളും നടപടിക്രമങ്ങളും വിശദമാക്കാമോ?

ജലസേചനത്തിനാവശ്യമുള്ള കനാൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ സാദ്ധ്യതയില്ല. പഴശ്ശി പദ്ധതിയുടെ പുരുദ്ധാരണ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്ന ഈ സന്ദർഭത്തിൽ കനാലുകൾ നവീകരിച്ച് ഉപയോഗപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

കനോലി കനാൽ

163 (3869) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ വെങ്കിടങ്ങ്, മുല്ലശ്ശേരി, പാവറട്ടി പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കനോലി കനാലിന്റെ തീരപ്രദേശങ്ങളിൽ വ്യാപകമായ മണ്ണിടിച്ചിൽ ഉണ്ടാകുന്നതുമൂലം പ്രസ്തുത പ്രദേശങ്ങളിലെ കാർഷിക വിളകളും വീടുകളും കനാലിലേയ്ക്ക് ഒഴുകി പോകുന്ന സ്ഥിതിയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കനോലി കനാലിന്റെ തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

വെങ്കിടങ്ങ് പഞ്ചായത്തിൽ, കനോലി കനാലിന്റെ ഫീഡർ കനാലായ കാളിയാമാക്കൽ കായലിന്റെ തീരം സംരക്ഷിക്കുന്നതിനായി 75 ലക്ഷം രൂപയുടെ ഒരു പ്രവൃത്തി ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ദേശീയ ജലപാതയുടെ കനാൽ ജോലികൾ

164 (3870) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയജലപാതയുമായി ബന്ധപ്പെട്ട് ജലസേചനവകുപ്പ് ഏറ്റെടുത്ത കനാൽ ജോലികൾ സംബന്ധിച്ച വിശദവിവരം, നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കോവളം മുതൽ ബേക്കൽ വരെയുള്ള 616 കി. മീ. നീളം വരുന്ന വെസ്റ്റ് കോസ്റ്റ് കനാലിനെ ദേശീയ ജലപാത നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി കനാൽ നവീകരണം, ആഴം കൂട്ടൽ, വീതി കൂട്ടൽ, ബാർജ്ജുകൾ പോലുള്ള ജലയാനങ്ങൾ പോകുന്നതിന് തടസ്സം നിൽക്കുന്ന പാലങ്ങൾ, നടപ്പാലങ്ങൾ, ലോക്കുകൾ എന്നിവ പൊളിച്ചുമാറ്റി പുനർനിർമ്മാണം, അപ്രോച്ച് റോഡുകൾ, നാവിഗേഷൻ റൂട്ടിൽ അത്യാവശ്യം കരകൾ സംരക്ഷിക്കേണ്ട ഭാഗങ്ങളിൽ സംരക്ഷണ പ്രവൃത്തികൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. ഇതിനുപുറമെ 1200 കിലോമീറ്ററോളം ഫീഡർ/ലിങ്ക് കനാലുകൾ ഗതാഗതയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി) ആലപ്പുഴ ജില്ലയിലെ ജലപാതയുമായി ബന്ധപ്പെട്ട് വീതികൂടിയ ഭാഗങ്ങളിൽ കരയിടിയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വകുപ്പ് ഈ പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ?

ഉണ്ട്. പ്രശ്നം പരിഹരിക്കുന്നതിനായി അത്യാവശ്യമായിട്ടുള്ള സ്ഥലങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. ബാക്കി വരുന്ന ഭാഗങ്ങളിലേയ്ക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്ന പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) ആലപ്പുഴ ജില്ലയിൽ നിലവിലുള്ള ജലപാതകൾ ഗതാഗത യോഗ്യമാക്കുന്നതിനായി കനാലുകളിലും ഇടത്തോടുകളിലും സ്ഥാപിച്ചിട്ടുള്ള പാലങ്ങളുടെ ഉയരവും വീതിയും കൂട്ടുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിൽ നിലവിലുള്ള ജലപാതകൾ ദേശീയ ജലപാതാ നിലവാരത്തിലേയ്ക്കുയർത്തുന്നതിന്റെ ഭാഗമായി ബാർജ്ജുകൾ പോലുള്ള വലിയ ജലയാനങ്ങൾ പോകുന്നതിന് തടസ്സം നിൽക്കുന്ന പാലങ്ങളും മറ്റ് ക്രോസ്സ് സ്ട്രക്ചറുകളും ആവശ്യമായ വെർട്ടിക്കൽ ക്ലിയറൻസ് കിട്ടത്തക്ക രീതിയിൽ പുനർനിർമ്മിക്കുന്നതിനുവേണ്ട പ്രാരംഭ സർവ്വേ നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ ബോട്ട് സഞ്ചാരത്തിന് പാലങ്ങളുടെ ഉയരവും വീതിയും തടസ്സമാകുന്നില്ല.

കേരള ഡാം സേഫ്റ്റി അതോറിറ്റി

165 (3871) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.